**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 243** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഗസ്റ്റ് ഹൗസുകളുടെയും റസ്റ്റ് ഹൗസുകളുടെയും നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗസ്റ്റ് ഹൗസുകളുടെയും റസ്റ്റ് ഹൗസുകളുടെയും നവീകരണം സംബന്ധിച്ച് നയം വ്യക്തമാക്കാമോ; | (എ) | ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഗസ്റ്റ് ഹൗസുകൾ, കേരള ഹൗസുകൾ, യാത്രി നിവാസുകൾ എന്നിവിടങ്ങളിൽ എത്തുന്ന അതിഥികൾക്ക് ഏറ്റവും മികച്ച താമസ ഭക്ഷണ സൗകര്യങ്ങൾ നൽകുന്നതിനാണ് ടൂറിസം വകുപ്പ് താൽപര്യപ്പെടുന്നത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തി പുനരുദ്ധാരണം ചെയ്യുകവഴി നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി മുറികളുടെയും അനുബന്ധ സൗകര്യങ്ങളുടെയും നവീകരണം, ആധുനിക വത്കരണം, ഫർണിച്ചർ, ഫർണിഷിംഗ്, വിവിധ ഉപകരണങ്ങൾ എന്നിവയുടെ പുതുക്കൽ എന്നിവയും വകുപ്പ് നടത്തിവരുന്നു. ഏറ്റവും മികച്ച സൗകര്യം അതിഥികൾക്ക് നൽകുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അവയെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ പ്രാധാന്യവും സ്ഥല സൗകര്യമുള്ളതുമായ തെരഞ്ഞെടുക്കപ്പെട്ട 25 റസ്റ്റ് ഹൗസുകളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്ന രീതിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.റ്റിഡി.സി മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. റസ്റ്റ് ഹൗസുകളിൽ നിലവിലുള്ള |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ടൂറിസം വികസനത്തിന് അനുയോജ്യമാകും വിധം കുറഞ്ഞ ചെലവിൽ നവീകരിച്ച് പരിപാലിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഗസ്റ്റ് ഹൗസുകളിലെയും റസ്റ്റ് ഹൗസുകളിലെയും താമസസൗകര്യം വർദ്ധിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ടൂറിസം വകുപ്പിന് കീഴിലുള്ള ഗസ്റ്റ് ഹൗസുകളിലെ താമസസൗകര്യം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് വലിയ പ്രാധാന്യം നൽകുന്നു. ഇതിന്റെ ഭാഗമായി ഗസ്റ്റ് ഹൗസിലുള്ള എല്ലാ മുറികളും അതിഥികൾക്ക് താമസിക്കുന്നതിന് അനുയോജ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്. കൂടാതെ കൂടുതൽ മുറികൾ അതിഥികൾക്ക് താമസത്തിന് ലഭ്യമാക്കുന്നതിനായി പ്രധാന ഗസ്റ്റ് ഹൗസുകളിൽ പുതിയ ബ്ലോക്കുകളുടെ നിർമ്മാണം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതു പ്രകാരം താഴെ പറയുന്ന ഗസ്റ്റ് ഹൗസുകളിൽ പ്രവൃത്തികൾ നടന്നു വരുന്നു. ഗസ്റ്റ് ഹൗസ് മുറികളുടെ എണ്ണം നിലവിലെ സ്ഥിതി തിരുവനന്തപുരം, തൈക്കാട് അഡീഷണൽ ബ്ലോക്ക് നിർമ്മാണം 41 പ്രവൃത്തി ടെണ്ടർ ചെയ്തു. പൊൻമുടിയിൽ പുതിയ ഗസ്റ്റ് ഹൗസ് നിർമ്മാണം 24 പ്രവൃത്തി ആരംഭിച്ചു ഗുരുവായൂർ ഗസ്റ്റ് ഹൗസ് നിർമ്മാണം 55 75% പ്രവൃത്തി പൂർത്തീകരിച്ചു. മൂന്നാർ ഗസ്റ്റ് ഹൗസ് 10 80% പ്രവൃത്തി പൂർത്തീകരിച്ചു. ടൈൽ വർക്ക് നടന്നു വരുന്നു. കോഴിക്കോട് ഗസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്ക് നിർമ്മാണം 38 95% പ്രവൃത്തി പൂർത്തീകരിച്ചു. സുൽത്താൻ ബത്തേരി ഗസ്റ്റ് ഹൗസ് നിർമ്മാണം 54 85% പ്രവൃത്തി പൂർത്തീകരിച്ചു. സുൽത്താൻ ബത്തേരി ഗസ്റ്റ് ഹൗസ് പഴയ ബ്ലോക്ക് നവീകരണം. 8 പ്രവൃത്തി ആരംഭിച്ചിട്ടില്ല. കന്യാകുമാരി യാത്രീ നിവാസ് നിർമ്മാണം 34 പ്രവൃത്തി ആരംഭിച്ചു. റസ്റ്റ് ഹൗസുകളുടെ താമസസൗകര്യം വർദ്ധിപ്പിക്കുന്നതിനായി വാർഷിക അറ്റകുറ്റ പണികൾ സമയോചിതമായി നടപ്പിലാക്കി വരുന്നു. റസ്റ്റ് ഹൗസിലെ താമസ സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി പി.ഡബ്ല്യു . ഡിയുടെ കീഴിൽ ഐ.റ്റി വിഭാഗത്തിൽ സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്ത് ഓൺലൈൻ ബുക്കിംഗിനായുള്ള ട്രെയിനിംഗ് എല്ലാ റസ്റ്റ് ഹൗസ് ജീവനക്കാർക്കും നൽകി വരുന്നു. 2021 നവംബർ 1-ാം തീയതി ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ എന്നിവ | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | ഇല്ലാത്തയിടങ്ങളിൽ പുതിയവ നിർമ്മിക്കാൻ നടപടി സ്വീകരിക്കാമോ; | | |
| (ഡി) | ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗസ്റ്റ് ഹൗസ്/യാത്രിനിവാസ്/കേരള ഹൗസ് എന്നിവയുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ആയത് പ്രകാരം മലമ്പുഴ ഗസ്റ്റ് ഹൗസ്, ചെറുതുരുത്തി ഗസ്റ്റ് ഹൗസ്, എറണാകുളം യാത്രി നിവാസ് എന്നിവിടങ്ങളിലെ മുറികളുടെ ബുക്കിംഗ് പൊതുഭരണ പൊളിറ്റിക്കൽ വകുപ്പിൽ നിന്നും മാറ്റി ടൂറിസ്റ്റുകൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിലൂടെ സർക്കാരിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കാനും കാര്യക്ഷമമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 2021 നവംബർ 1-ാം തീയതി മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് ഇ-ഗവേണൻസ് സെൽ സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്ത് ഓൺലൈൻ ബുക്കിംഗിനായുള്ള ട്രെയിനിംഗ് എല്ലാ റസ്റ്റ് ഹൗസ് ജീവനക്കാർക്കും നൽകി വരുന്നു. കോൺഫറൻസ് ഹാൾ, ക്യാന്റീൻ എന്നിവ എല്ലാ റസ്റ്റ് ഹൗസുകളിലും ഏർപ്പെടുത്തുന്നതും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ